**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6389** **20-03-2023 - ൽ മറുപടിയ്ക്ക്**

**പാലോട് റെയ്ഞ്ചിലെ ജണ്ട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2020-21 വർഷങ്ങളിൽ പാലോട് റെയ്ഞ്ചിൽ എത്ര കിലോമീറ്റർ വനാതിർത്തി ജണ്ട നിർമ്മിച്ച് വേർതിരിക്കാൻ അവശേഷിച്ചിരുന്നുവെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ വനാതിർത്തി 2019-2020 വർഷത്തിൽ 61 കിലോമീറ്ററും, 2020-21 വർഷത്തിൽ 52.79 കിലോമീറ്ററും ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കാൻ അവശേഷിച്ചിരുന്നു. |
| (ബി) | 2019-20, 2020-21 വർഷങ്ങളിൽ പാലോട് റെയ്ഞ്ചിൽ നിർമ്മിച്ച ജണ്ടകളുടെ എണ്ണവും അതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | പാലോട് റെയിഞ്ചിൽ 2019-2020 വർഷത്തിൽ 900 ജണ്ടകൾ നിർമ്മിക്കുന്നതി നായി 83,21,679/- രൂപയും, 2020-2021 വർഷത്തിൽ 2315 ജണ്ടകൾ നിർമ്മിക്കുന്നതിനായി 2,47,94,642/- രൂപയും ചെലവായിട്ടുള്ളതായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ പാലോട് റെയ്ഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ എത്രയെണ്ണം വനം വിജിലൻസ് വിഭാഗം പരിശോധിച്ചുവെന്നും അതിൽ എത്രയെണ്ണത്തിന് നിർമ്മാണ അപാകത ഉള്ളതായി കണ്ടെത്തിയെന്നും വെളിപ്പെടുത്തുമോ? | (സി) | പ്രസ്തുത കാലയളവിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ 3302 ജണ്ടകൾ വനം വിജിലൻസ് വിഭാഗം പരിശോധിച്ചു, ആയതിൽ വിശദ പരിശോധന പൂർത്തിയായതിൽ 390 ജണ്ടകൾക്ക് ഇതുവരെ നിർമ്മാണത്തിൽ അപാകത ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ